REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 07-11-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഒരു റാങ്ക് ഒരു പെൻഷൻ പദ്ധതിക്ക് പത്ത് വർഷം പൂർത്തിയായി. ദീർഘകാലമായി രാജ്യത്തെ സൈനികർ ഉന്നയിക്കുന്ന ആവശ്യം പരിഹരിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പരസ്യ പ്രചാരണം അവസാനിക്കാൻ അഞ്ച് ദിവസം മാത്രം ബാക്കിനിൽക്കെ വയനാടും ചേലക്കരയും ഇളക്കിമറിച്ച് സ്ഥാനാർത്ഥികളും നേതാക്കളും.**
- **പാലക്കാട്ട് കള്ളപ്പണ ആരോപണങ്ങളിലും ഹോട്ടൽ മുറികളിലെ പരിശോധനയിലും തെരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് തേടി.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ അത്‌ലറ്റിക്സിൽ ആദ്യ രണ്ടു സ്വർണം മലപ്പുറം ജില്ലയ്ക്ക്. തിരുവനന്തപുരം കുതിപ്പ് തുടരുന്നു.**
- **ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ഹൈദരാബാദ് FC യെ നേരിടും.**
- **പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് അഗ്രഹാര ക്ഷേത്രങ്ങളിൽ കൊടിയേറി.**

## വാർത്തകൾ വിശദമായി

കേന്ദ്രഗവൺമെന്റിന്റെ ഒരു റാങ്ക് ഒരു പെൻഷൻ പദ്ധതിക്ക് ഇന്ന് പത്ത് വർഷം പൂർത്തിയാകുന്നു. വിമുക്ത ഭടന്മാർക്ക് ന്യായവും തുല്യവുമായ പെൻഷൻ ഉറപ്പാക്കാൻ ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണിത്. ഒരേ റാങ്കിലും ഒരേ

സേവന ദൈർഘ്യത്തിലും വിരമിക്കുന്ന വിമുക്ത ഭടന്മാർക്ക് വിരമിക്കൽ തിയതി പരിഗണിക്കാതെ തുല്യ പെൻഷൻ ലഭിക്കുന്നുണ്ടെന്ന് പദ്ധതി ഉറപ്പാക്കുന്നു. നടപ്പ് സാമ്പത്തിക വർഷം പദ്ധതിയുടെ മൊത്തം ചെലവ് 468 കോടി രൂപയിൽ അധികമാണെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

ദീർഘകാലമായി രാജ്യത്തെ സൈനികർ ഉന്നയിക്കുന്ന ആവശ്യം പരിഹരിക്കുന്നതിനാണ് ഒരു റാങ്ക് ഒരു പെൻഷൻ പദ്ധതി നടപ്പാക്കിയതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വീര സൈനികരോട് രാജ്യത്തിന്റെ നന്ദി ആവർത്തിച്ച് ഉറപ്പിക്കുന്നതിന് നടത്തിയ സുപ്രധാന ചുവടുവെപ്പാണ് ഇതെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. പദ്ധതിക്ക് പത്ത് വർഷം തികയുമ്പോൾ രാഷ്ട്രത്തെ സംരക്ഷിക്കുന്നതിന് ജീവൻ സമർപ്പിക്കുന്ന വിമുക്ത ഭടന്മാരുടെ ധീരതക്കും ത്യാഗത്തിനും നൽകുന്ന ആദരവാണ് ഈ സംരംഭമെന്ന് അദ്ദേഹം പറഞ്ഞു. ഒരു ദശാബ്ദത്തിനിടക്ക് ലക്ഷകണക്കിന് പെൻഷൻകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഈ സുപ്രധാന സംരംഭത്തിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

✪✪✪

വയനാട് ലോകസഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും ഉപതെരഞ്ഞെടുപ്പിന് പരസ്യപ്രചാരണം അവസാനിക്കാൻ ഇനി അഞ്ച് ദിവസം. പ്രചാരണം അവസാന നാളുകളിലേക്ക് കടന്നതോടെ മണ്ഡലങ്ങളിലെ മുക്കും മൂലയും ഇളക്കിമറിച്ച് പരമാവധി വോട്ട് സ്വന്തം ചിഹ്നത്തിൽ ഉറപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമത്തിലാണ് സ്ഥാനാർത്ഥികളും മുന്നണികളും പാർട്ടികളും.

വരും നാളുകളിൽ ദേശീയ - സംസ്ഥാന നേതാക്കളെ രംഗത്തിറക്കി ആവനാഴിയിലെ അവസാന അസ്ത്രവും പുറത്തെടുത്ത് അന്തിമ പോരാട്ടത്തിന് മണ്ഡലങ്ങൾ വേദിയാകും. പ്രമുഖ ദേശീയ നേതാക്കൾ ഇതിനികം തന്നെ മണ്ഡലങ്ങളിൽ സജീവമാണ്. തിങ്കളാഴ്ച വൈകിട്ടാണ് പരസ്യ പ്രചാരണം അവസാനിക്കുന്നത്. ബുധനാഴ്ച ആണ് വോട്ടെടുപ്പ്. കൽപ്പാത്തി രഥോത്സവം കണക്കിലെടുത്ത് പാലക്കാട് നിയമസഭാ മണ്ഡലത്തിൽ വോട്ടെടുപ്പ് ഈ മാസം 20 ലേക്ക് മാറ്റിയതിനാൽ അവിടെ പ്രചാരണത്തിന് ഒരാഴ്ച കൂടി അധികം ലഭിക്കും. പാലക്കാട്ട് കള്ളപ്പണാരോപണവും സ്ത്രീകൾ താമസിച്ച ഹോട്ടൽ മുറിയിലെ സെർച്ചും ആണ് പ്രചാരണത്തിൽ കത്തുന്നത്.

23-നാണ് വോട്ടെണ്ണൽ.

✪✪✪

പാലക്കാട് നിയമസഭ മണ്ഡലം ഉപതെരഞ്ഞെടുപ്പ് UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ രാവിലെ കൽപ്പാത്തിയിൽ വോട്ട് തേടി.

LDF സ്ഥാനാർഥി ഡോ പി. സരിൻ നഗരസഭയിലെ കുന്നത്തൂർ മേട്, മണപ്പുള്ളിക്കാവ് എന്നിവടങ്ങളിൽ നിന്നാണ് പ്രചരണം ആരംഭിച്ചത്.

NDA സ്ഥാനാർഥി സി. കൃഷ്ണകുമാർ രാവിലെ കണ്ണാടി പഞ്ചായത്തിലെ ഗൃഹ സമ്പർക്ക പരിപാടികളിൽ പങ്കെടുത്ത് പ്രചരണം നടത്തി

✪✪✪

പാലക്കാട്ട് ഉപതെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കിടെ ഉയർന്ന, കള്ളപ്പണ ആരോപണങ്ങളിൽ ജില്ലയുടെ തെരഞ്ഞെടുപ്പ് ചുമതല വഹിക്കുന്ന ജില്ലാ കളക്ടറോട് തെരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് തേടി. ഹോട്ടൽ മുറികളിലടക്കം നടന്ന പരിശോധനയെ കുറിച്ചും കമ്മീഷൻ റിപ്പോർട്ട് തേടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വാദ പ്രതിവാദങ്ങളാണ് ഇപ്പോൾ പാലക്കാട് ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തെ കൊഴുപ്പിക്കുന്നത്.

✪✪✪

പാലക്കാട്ട് കോൺഗ്രസ് വനിതാ നേതാക്കൾ താമസിച്ച മുറികളിൽ നടപടി ക്രമങ്ങൾ പാലിക്കാതെ പൊലീസ് നടത്തിയ റെയ്ഡിനെതിരെ പ്രതിപക്ഷ നേതാവ് VD സതീശൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകി. അർദ്ധരാത്രിയിൽ റെയ്ഡിന് എത്തിയ പൊലീസ് ഉദ്യോഗസ്ഥർ നിലവിലെ എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തിയാണ് മുൻ MLAയും കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതി അംഗവുമായ ഷാനിമോൾ ഉസ്മാന്റെയും മഹിളാ കോൺഗ്രസ് മുൻ സംസ്ഥാന അധ്യക്ഷ ബിന്ദു കൃഷ്ണയുടെയും മുറികളുടെ വാതിൽ മുട്ടി പരിശോധന നടത്തിയതെന്നും സതീശൻ പരാതിയിൽ പറഞ്ഞു. പരിശോധന നടത്തുന്നത് സംബന്ധിച്ച് ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ നിർദ്ദേശിച്ചിരിക്കുന്ന ഒരു നടപടിക്രമവും പൊലീസ് പാലിച്ചില്ല. പരിശോധനയ്ക്കെത്തിയ പൊലീസ് സംഘത്തിനൊപ്പം ADM, RDO ഉൾപ്പെടെ ഉദ്യോഗസ്ഥർ ഇല്ലായിരുന്നു എന്നതും നിയമവിരുദ്ധമാണെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടവും നിയന്ത്രണങ്ങളും നിലനിൽക്കെ പൊലീസിനെ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് അട്ടിമറിക്കാനാണ് ഗവൺമെന്റിന് നേതൃത്വം നൽകുന്ന CPIM ശ്രമിക്കുന്നതെന്ന് സതീശൻ പരാതിയിൽ അറിയിച്ചു.

✪✪✪

പാലക്കാട്ട് പൊലീസ് അർദ്ധരാത്രി ഹോട്ടലിൽ നടത്തിയ നാടകീയ റെയ്ഡിന് പിന്നിൽ മന്ത്രി MB രാജേഷ് ആണെന്ന് KPCC പ്രസിഡന്റ് K സുധാകരൻ കുറ്റപ്പെടുത്തി. കള്ളം പറഞ്ഞ് ജനങ്ങളെ വിശ്വസിപ്പിക്കാൻ കഴിയില്ലെന്ന് അദ്ദേഹം പാലക്കാട്ട് പറഞ്ഞു. കള്ളപ്പണം കണ്ടെത്താൻ പൊലീസിന് കഴിഞ്ഞോ എന്ന് അവർ വ്യക്തമാക്കണം. ആരുടെ നിർദേശമനുസരിച്ചാണ് റെയ്ഡ് നടത്തിയത് എന്നും സുധാകരൻ ചോദിച്ചു.

✪✪✪

പാലക്കാട്ട് കള്ളപ്പണ ഇടപാട് നടന്നു എന്നത് വ്യക്തമാണെന്ന് BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ പറഞ്ഞു. പൊലീസിനുമേൽ രാഷ്ട്രീയ സമ്മർദ്ദമുണ്ടായതായും വിഷയത്തിൽ എന്തുകൊണ്ട് പൊലീസ് FIR ഇട്ടില്ലെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം പാലക്കാട്ട് ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് കോൺഗ്രസും BJP യും തമ്മിലാണ് തെരഞ്ഞെടുപ്പ് ഡീലെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ കുറ്റപ്പെടുത്തി. കള്ളപ്പണം വിവാദത്തിൽ ഉൾപ്പെട്ടവരെ നുണ പരിശോധനക്ക് വിധേയമാക്കണമെന്ന് അദ്ദേഹം തൃശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പു അടുത്തുവരുമ്പോൾ മുതിർന്ന നേതാക്കളാണ് സ്ഥാനാർത്ഥികൾക്കൊപ്പം ജനങ്ങളെ നേരിട്ടുകണ്ട് വോട്ടു തേടുന്നത്. NDA സ്ഥാനാത്ഥി K.ബാലകൃഷ്ണന്റെ തെരഞ്ഞെടുപ്പ് പൊതുയോഗം തിരുവില്വാമലയിൽ വൈകിട്ട് മേജർ രവി ഉദ്ഘാടനം ചെയ്യും.

പാഞ്ഞാൾ പഞ്ചായത്തിലെ കൊച്ചപ്പൻ പടിയിൽ നിന്നും UDF സ്ഥാനാർഥി രമ്യ ഹരിദാസിന്റെ ഇന്നത്തെ മണ്ഡല പര്യടനം ആരംഭിച്ചു. ചെറുകിട വനിതാ വ്യാവസായ യൂണിറ്റുകളിലും കോളനികളിലും വോട്ടഭ്യർത്ഥിച്ച് നീങ്ങുകയാണ് രമ്യ ഹരിദാസ്.

LDF സ്ഥാനാർഥി UR പ്രദീപ് മണ്ഡലത്തിൽ മൂന്നാം ഘട്ട സ്വീകരണ പരിപാടിയിലേക്ക് നീങ്ങുകയാണ്. രാവിലെ വെങ്ങാനെല്ലൂരിൽ നിന്നാരംഭിച്ച് രാത്രി ചേലക്കോട് സമാപിക്കുന്ന രീതിയിലാണ് പര്യടനം പൂർത്തിയാക്കുക.

✪✪✪

വഖഫ് ഭേദഗതി ബില്ലിനെതിരെ സംയുക്ത പ്രമേയം പാസാക്കിയവരാണ് ഇപ്പോൾ മുനമ്പം വിഷയത്തിൽ മുനമ്പത്തെ ജനങ്ങൾക്കൊപ്പമാണെന്ന് പറയുന്നതെന്ന് BJP പ്രഭാരി  പ്രകാശ് ജാവദേക്കർ പറഞ്ഞു.

അവിടെ റവന്യു നികുതി വാങ്ങുന്നത് നിർത്തിയെന്ന് അദ്ദേഹം കോഴിക്കോട്ട് വാർത്താ സമ്മേളനത്തിൽ കുറ്റപ്പെടുത്തി. BJP നിലപാട് ഇരകൾക്ക് നീതി ലഭിക്കണമെന്നാണെന്നും പ്രകാശ് ജാവദേക്കർ പറഞ്ഞു.

വിവിധ വിഷയങ്ങളിൽ കോൺഗ്രസിന്റേയും CPIM ന്റേയും നിലപാട് ഒന്നാണെന്നും  അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

കൊച്ചിയിൽ  സംസ്ഥാന സ്കൂൾ കായികമേളയിൽ അത്‌ലറ്റിക്സിൽ ആദ്യ രണ്ടു സ്വർണവും മലപ്പുറം ജില്ലയ്ക്ക്. സീനിയർ പെൺകുട്ടികളുടെ 3,000 മീറ്റർ നടത്തത്തിൽ  ആലത്തിയൂർ K H M H S S ലെ K P ഗീതുവും സീനിയർ ആൺകുട്ടികളുടെ 5,000 മീറ്റർ നടത്തത്തിൽ കടകശ്ശേരി ഐഡിയൽ സ്കൂളിലെ മുഹമ്മദ് സുൽത്താനുമാണ് സ്വർണം നേടിയത്. കഴിഞ്ഞ വർഷത്തെ കായികമേളയിൽ ലഭിച്ച നാലാം സ്ഥാനമാണ് മുഹമ്മദ് സുൽത്താൻ സ്വർണമാക്കി മെച്ചപ്പെടുത്തിയത്.  സീനിയർ ആൺകുട്ടികളുടെ 3,000 മീറ്റർ ഓട്ടത്തിൽ മലപ്പുറം ചീക്കോട്  K K M H S S ലെ മുഹമ്മദ് അമീൻ അത്‌ലറ്റിക്സ് ഇനങ്ങളിലെ ആദ്യ മീറ്റ് റെക്കോർഡ് കരസ്ഥമാക്കി. സീനിയർ പെൺകുട്ടികളുടെ 3,000 മീറ്റർ നടത്തത്തിൽ വെള്ളിയും വെങ്കലവും പാലക്കാട് നേടി. മുണ്ടൂർ HSS പാലക്കാടിന്റെ അനശ്വര, വെള്ളിയും പാലക്കാട് GHSS പത്തിരിപ്പാല സ്കൂളിലെ ഗായത്രി സുരേഷ്, വെങ്കലവും സ്വന്തമാക്കി.

കായിക മേളയിൽ തിരുവനന്തപുരത്തിന്റെ ജൈത്ര യാത്ര തുടരുകയാണ്. 92 സ്വർണവും, 76 വെള്ളിയും, 79 വെങ്കലവും നേടിയ തിരുവനന്തപുരത്തിന് 858 പോയിന്റുണ്ട്. 51 സ്വർണവും 37 വെള്ളിയും 51 വെങ്കലവുമായി 484 പോയിന്റോടെ കണ്ണൂരാണ്  രണ്ടാം സ്ഥാനത്ത്.  49 സ്വർണവും 30 വെള്ളിയും 51 വെങ്കലവുമായി 451 പോയിന്റ് നേടിയ തൃശ്ശൂർ മൂന്നാം സ്ഥാനത്താണ്.

സ്കൂളുകളിൽ രണ്ടു സ്വർണവും ഒരു വെള്ളിയും നേടി 13 പോയിന്റുമായി പാലക്കാട് മുണ്ടൂർ ഹൈസ്കൂളാണ്  മുന്നിട്ടു നിൽക്കുന്നത്. മലപ്പുറം ചീക്കോട് KKM ഹയർസെക്കണ്ടറി സ്കൂൾ ഒരു സ്വർണവും ഒരു വെള്ളിയുമായി രണ്ടാം സ്ഥാനത്തും  ഒരു സ്വർണവും ഒരു വെങ്കലവുമായി മലപ്പുറം ഐഡിയൽ കടകശ്ശേരി മൂന്നാം സ്ഥാനത്തും തുടരുന്നു.

✪✪✪

ISL ഫുട്ബോളിൽ എട്ടാം റൗണ്ട് പോരാട്ടത്തിനായി കേരള ബ്ലാസ്റ്റേഴ്സ് ഇന്നു കൊച്ചിയിൽ മുൻ ചാമ്പ്യന്മാരായ ഹൈദരാബാദ് FC യെ നേരിടും.

രാത്രി 7.30-നു കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് പോരാട്ടം. രണ്ടു തുടർ തോൽവികളിലൂടെ പോയിന്റ് നിലയിൽ പിന്നിലേക്ക് പോയ ബ്ലാസ്റ്റേഴ്സിന്റെ ഏക ലക്ഷ്യം വിജയത്തോടെ വിലപ്പെട്ട മൂന്നു പോയിന്റ് സ്വന്തമാക്കുക എന്നതാണ്.

ഏഴു മത്സരങ്ങളിൽ നിന്നായി എട്ടു പോയിന്റു ലഭിച്ച കേരളാ ബ്ലാസ്റ്റേഴ്സ്, പത്താം സ്ഥാനത്താണ്. ആറു മത്സരങ്ങളിൽ നിന്ന് നാലു പോയിന്റുമായി 11-ാം സ്ഥാനത്താണ് ഹൈദരാബാദ് FC .

✪✪✪

ഹേമ കമ്മിറ്റിയുമായി ബന്ധപ്പെട്ട് അഭിഭാഷക മിത സുധീന്ദ്രനെ അമിക്കസ് ക്യൂറിയായി ഹൈക്കോടതി നിയമിച്ചു. കമ്മിറ്റി റിപ്പോർട്ടും, ഗവൺമെൻറ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കരട് നിയമം, മറ്റ് നിർദ്ദേശങ്ങൾ തുടങ്ങിയവ അമിക്കസ് ക്യൂറി ഏകോപിപ്പിക്കും.

പ്രത്യേക സംഘത്തിന്റെ അന്വേഷണം നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ടെന്ന് കോടതി അഭിപ്രായപ്പെട്ടു. അന്വേഷണ പുരോഗതി റിപ്പോർട്ട് പ്രത്യേക അന്വേഷണസംഘം ഇന്ന് മുദ്രവച്ച കവറിൽ കോടതിയിൽ സമർപ്പിച്ചു.

✪✪✪

കോഴിക്കോട്ട് ജന്മഭൂമി സുവർണ്ണജൂബിലി ആഘോഷമായ 'സ്വ' വിജ്ഞാനോത്സവത്തിന്റെ ഭാഗമായി ഒളിംപിക്സ് 2036: വേദിയാകാൻ ഭാരതം എന്ന വിഷയത്തിൽ നടന്ന സെമിനാർ മുൻ കേന്ദ്ര മന്ത്രി പ്രകാശ് ജാവദേക്കർ ഉദ്ഘാടനം ചെയ്തു. കായിക താരങ്ങളേയും മുതിർന്ന സ്പോർട്സ് ലേഖകരെയും ആദരിച്ചു.

✪✪✪

പ്രസിദ്ധമായ പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് അഗ്രഹാര ക്ഷേത്രങ്ങളിൽ കൊടിയേറി.

രഥോത്സവത്തോട് അനുബന്ധിച്ച് പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സംഗീതോത്സവത്തിനും കൽപ്പാത്തിയിൽ തുടക്കമായി.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

**(....വോയ്സ്.....)**

ഉത്സവത്തിന്റെ കേന്ദ്ര സ്ഥാനമായ വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിനൊപ്പം പുതിയ കൽപ്പാത്തി ,പഴയ കൽപ്പാത്തി, ചാത്തപുരം , ദേവ ക്ഷേത്രങ്ങളിലുമാണ് രാവിലെ കൊടിയേറ്റ ചടങ്ങുകൾ നടന്നത്.ഇന്ന് മുതൽ പകൽ പ്രതേക പൂജകളും രാത്രി ഗ്രാമദേവതകളുടെ എഴുന്നള്ളത്തും ഉണ്ടാകും. ഉത്സവം കൊടിയേറിയതോടെ അഗ്രഹാര വീഥികൾ രഥപ്രയാണത്തിന് ഒരുങ്ങിത്തുടങ്ങി.13 ന് രാവിലെ ഒന്നാം തേര് ദിവസം പ്രധാന ക്ഷേത്രത്തിലെ രഥാരോഹണം നടക്കും.14 ന് രണ്ടാം തേരിനു ശേഷം 15 ന് വൈകീട്ടാണ് രഥോത്സവത്തിലെ പ്രധാന ആകർഷണമായ ദേവരഥ സംഗമം നടക്കുക. രഥോത്സവം കണക്കിലെടുത്ത് ഒന്നാം തേര് ദിവസം നടക്കാനിരുന്ന പാലക്കാട് ഉപതെരഞ്ഞെടുപ്പ് കമ്മീഷൻ 20 ലേക്ക് മാറ്റുകയും ചെയ്തു.

ഇതോടെ ആഘോഷങ്ങൾക്ക് മങ്ങലേൽക്കുമോ എന്ന ആശങ്കയും മാറിയതിന്റെ സന്തോഷത്തിലാണ് അഗ്രഹാര വീഥികൾ.

✪✪✪

മഴക്കാലംമാറി കുളിർക്കാലം ആരംഭിച്ചതോടെ മുന്നാറിൽ വിദേശ സഞ്ചാരികളുടെ തിരക്ക് വർധിക്കുന്നു. ട്രക്കിങ് ഉൾപ്പെടെ സാഹസിക വിനോദങ്ങൾക്കാണ് വിദേശിയർ മുൻഗണന നൽകുന്നത്.

ഇടുക്കി ജില്ലാ പ്രതിനിധി, രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

**.....വോയ്സ്.....**

സാഹസിക യാത്ര ആഗ്രഹിക്കുന്നവരാണ് വിദേശ സഞ്ചാരികളിൽ ഏറെയും. ട്രക്കിങ്ങും സൈക്ലിങ്ങുമാണ് ഇവർക്ക് പ്രിയം. രാവിലെ തുടങ്ങുന്ന ട്രക്കിങ് കിലോമീറ്ററുകൾ താണ്ടി വൈകിട്ടോടെയാണ് അവസാനിക്കുന്നത്. സ്പെയിൻ. ബെൽജിയം, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളാണ് കുടുതലുമെത്തുന്നത്. കോവിഡിനെ തുടർന്ന് വിദേശത്തുനിന്നുള്ള സഞ്ചാരികളുടെ വരവ് നിലച്ചിരുന്നു. കോവിഡിന് ശേഷവും വിദേശീയർ എത്തിയിരുന്നെങ്കിലും എണ്ണം ഗണ്യമായി കുറഞ്ഞിരുന്നു. എന്നാൽ ഇത്തവണ വിദേശസഞ്ചാരികളുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. കുടുംബത്തോടൊപ്പവും ഗ്രൂപ്പുകളായും എത്തുന്നവരാണ് അധികവും. സൈക്കിൾ സൗകര്യമൊരുക്കി നൽകാനും വനമേഖലക ളിലടക്കമുള്ള ട്രക്കിങിനും അവസരമൊരുക്കുന്ന, പരിശീലനം നേടിയ വഴികാട്ടികളും മൂന്നാറിലുണ്ട്.